# വിനുവേട്ടനും ലഷ്കര് ഈ തോയ്ബയും

ഒരു ആശുപത്രി.

വിനുവിനെ attender വീല് ചെയറില് റൂമിലേക്ക് കൊണ്ട് വന്നു. മുഖത്തും, കയ്യിലും കാലിലും മുറിവുകള് bandage ചെയ്തു ആകെ അവശനായ വിനുവിനെ, attenderഉം വിനുവിന്റെ അമ്മയും ചേര്ന്ന് പതുക്കെ ബെഡ്ഡില് പിടിച്ചു കിടത്തി. വേദന കൊണ്ട് വിനു മെല്ല ഞരങ്ങി....."അമ്മേ പതുക്കെ..."

അമ്മ: സാരമില്ലെടാ ....ശ്രദ്ധിക്കാഞ്ഞിട്ടല്ലേ ?

വിനു മുഖം തലയണ ചേർത്ത് കിടന്നു.

അമ്മ: ഡോക്ടറു ചെക്കപ്പിന്നു വരാം എന്ന് പറഞ്ഞിട്ടുണ്ട്. അമ്മ ഒന്ന് നോക്കിയിട്ട് വരാം

വിനു: ഹ്മ്മം..........

വിനു കുറച്ചു നേരത്തേയ്ക്ക് ഒറ്റയ്ക്കായി. വിനുവിന്റെ കണ്ണുകള് തൊട്ടടുത്ത മേശയിലെ ടിവി റിമോട്ട് കന്ട്രോളിലേക്ക് ചെന്നു. ടിവി ഓണ് ചെയ്തു....

സുന്ദരിയായ ടിവി announcer:

"ഏഷ്യ ടിവി ചാനല്, രാധ നല്ലെണ്ണ നിങ്ങളുടെ ദുഃഖങ്ങള് പങ്കു വെച്ച് പാട്ടുകള് കേള്ക്കാം പരിപാടിയിലേക്ക് എല്ലാ ചേട്ടന്സിനും ചേച്ചിസിനും സ്വാഗതം. നിങ്ങള് ആരെയ്ങ്ങിലും സ്നേഹിക്കുകയോ അവര് നിങ്ങളെ സ്നേഹിക്കതിരിക്കുകയോ, ആരെങ്കിലും ആയി തല്ലി പിരിഞ്ഞു ദുഖിച്ചു സമയം കളയുകയോ ആണെങ്ങില് ...............എന്തിനാണ് വെറുതെ സമയം കളയുന്നത് ....വേഗം എന്നെ ഫോണ് ചെയ്യ്...നമക്ക് ദുഃഖങ്ങള് പങ്കു വെയ്ക്കാം...."

Announcerinte പ്രകടനം നോക്കി ചെറിയ ഒരു പുച്ഛം നിറഞ്ഞ ചിരിയോടു വിനു അമ്മ തന്റെ പക്കല് വെയ്ച്ച ഒരു ബാഗില് നിന്നും ഒരു പുസ്തകം എടുത്തു അലക്ഷയ്മായി താളുകള് മറിക്കാന് തുടങ്ങി

(ടിവിയില് ഫോണ് അടിക്കുന്നു)

Announcer: ഇതാ ആദ്യത്തെ caller ആണ് വിളിക്കുന്നതു, ഈ ദുഖിചിരിക്കുനത് ആരാണെന്നു നമുക്ക് നോക്കാം....."ഹലോ.....ഏഷ്യ ടിവി ചാനല് രാധ നല്ലെണ്ണ നിങ്ങളുടെ ദുഃഖങ്ങള് പങ്കു വെച്ച് പാട്ടുകള് കേൾക്കാം പരിപാടിയിലേക്ക് സ്വാഗതം....ആരാണ് സംസാരിക്കുന്നത്?"

caller: ഞാന് മിനിക്കുട്ടി ആണ്

വിനുവിന്റെ ശ്രദ്ധ പെട്ടെന്ന് ടിവിയിലേക്ക് തിരിഞ്ഞു

Announcer: മിനിക്കുട്ടി എവിടെ നിന്നാണ് വിളിക്കുനത്?

മിനിക്കുട്ടി: ഒറ്റപാലത്ത് നിന്നും?

Announcer: ആഹാ, പറയൂ മിനിക്കുട്ടി, ആരെ കുറിച്ച് ഓർത്ത് ആണ് മിനിക്കുട്ടി ദുഖിക്കുന്നത്?

മിനിക്കുട്ടി: ...അത്.....

Announcer: മടി വേണ്ടാ മിനിക്കുട്ടി, പറഞ്ഞോളു......

മിനിക്കുട്ടി: എന്റെ വീടിനു അടുത്ത് താമസിച്ചിരുന്ന ഒരാളാണ് .......

Announcer: ആൾക്ക് പേരില്ലേ?

മിനിക്കുട്ടി: ഉണ്ട്...വിനുവേട്ടന്

Announcer: കൊള്ളാമല്ലോ....എ സിമ്പിള് മലയാളം നെയിം...ഹൌ സ്വീറ്റ്!!

വിനുവിന്റെ മുഖത്ത് ചെറിയ അമ്പരപ്പും, കൌതുകവും.....പഴയ ഓർമ്മകള് തിരിച്ചു വന്ന മാതിരി

Announcer: ശരി ....മിനിക്കുട്ടിക്കു വിനുവേട്ടനെ ഇഷ്ടമാണോ?

മിനിക്കുട്ടി: (ഒരു നിമിഷം ശങ്കിച്ച്) ...അതെ

Announcer: എങ്ങിനത്തെ ഇഷ്ടം? സഹോദരന് ലൈന് ആണോ ....അതോ?

മിനിക്കുട്ടി: (ഒരു അടക്കി പിടിച്ച ചിരി)....അത്...

Announcer: ഓക്കേ ഓക്കേ...ഞാന് അത് ചോദിച്ചു ബുദ്ധിമുട്ടിക്കുന്നില്ല. ആട്ടെ ...ഈ വിനുവേട്ടന് ഇപ്പോള് എവിടെ ഉണ്ട്?

മിനിക്കുട്ടി: അറിയില്ല

Announcer: (കുറച്ചു സീരിയസ് ആയി) അതെന്താ...നിങ്ങള് തമ്മില് പിണങ്ങിയോ?

മിനിക്കുട്ടി: ഏയ് ഇല്ല ....മൂന്ന് വര്ഷം മുൻപ് വിനുവേട്ടന് നാട് വിട്ടു പോയി

Announcer: എന്താ കാരണം....

മിനിക്കുട്ടി:......അത്.....

Announcer: പറയൂ...നമ്മുടെ പ്രേക്ഷകര് മിനിക്കുട്ടിയുടെ കഥ ആകാംഷയോടു കേട്ടു കൊണ്ട് ഇരിക്കുകയാണ്

മിനിക്കുട്ടി: ....മൂന്ന് വര്ഷം മുൻപ്....അച്ഛന്.... എന്റെ...ബുക്ക് മറിച്ചു നോക്കിയപ്പോള്...ഞാന് അതില് വിനുവേട്ടന്റെ പേര് എഴുതിയ ഒരു ഫോട്ടോ വെച്ചിരിക്കുനത് കണ്ടു....

Announcer: (ആകാംഷയോട്)....എന്നിട്ട്?

മിനിക്കുട്ടി: അച്ഛന് വിനുവേട്ടനെ ഒരുപാടു തല്ലി

Announcer: അയ്യോ...അപ്പോള് മിനിക്കുട്ടി കാരണം പാവം വിനുവേട്ടന് ഒരുപാട് തല്ല് കൊണ്ട് അല്ലേ?

മിനിക്കുട്ടി: എനിക്കും കിട്ടി തല്ല്......(പിന്നെ മനസ്സ് അറിയാതെ തുറന്നു പോയ മാതിരി...പെട്ടെന്ന്...) ഞങ്ങളെ എപ്പോഴും തല്ലും...അയാള് ഒരു ദുഷ്ട്നായിരുന്നു...വേറെ ഭാര്യയും കുട്ടിയും ഉണ്ട്.....മദ്യപിച്ചു വന്നാല് അന്ന് ഞങ്ങൾക്ക് നല്ല പുകിലാണ്

കുറച്ചു നേരം ആരും ഒന്നും മിണ്ടിയില്ല

Announcer: ദുഷ്ട്ടനായിരുന്നു...എന്ന് പറയുമ്പോള്?

മിനിക്കുട്ടി: കഴിഞ്ഞ ആഴ്ച അങ്ങേരു ഒരു പൊട്ടിത്തെറിയില് മരിച്ചു....അയാള് താമസിച്ച വീട്ടില് ആരോ ഒരു പലഹാര പൊതി വെച്ചിരിന്നുവത്രേ.....അത് തുറന്നു നോക്കിയപോള് ...പൊട്ടിത്തെറിച്ചു. പോലീസുകാര് പറയുന്നത് ലഷ്കര് ഈ തൊയ്ബ ആയിരിക്കും എന്നാണ്.....ഏതായാലും അവര് കണ്ടു പിടിക്കാന് നോക്കുന്നുണ്ട്

Announcer: അപ്പോള് മിനിക്കുട്ടിക്ക് ഇപ്പോള് അച്ഛനും ഇല്ല വിനുവേട്ടനും ഇല്ല.

മിനിക്കുട്ടി: അതെ

Announcer: ആട്ടെ......നമുക്ക് വിനുവേട്ടനിലേക്ക് തിരിച്ചു വരാം....ഇപ്പോള് വിനുവേട്ടന് കൂടെയ് ഉണ്ടായിരുനെങ്കില് ഒരു സാന്ത്വനം ആയേനെ അല്ലേ?

മിനിക്കുട്ടി: അത......വിനുവേട്ടന് പാവം ആയിരുന്നു..പട്ടണത്തിലെ ഒരു ബേകറിയിലായിരുന്നു ജോലി.....നന്നായിട്ട് കേക്കും ബിസ്കറ്റും ഒക്കെ ഉണ്ടാക്കും...എനിക്ക് കൊണ്ട് തരുകയും ചെയ്യും...

Announcer: മൂന്ന് വർഷമായിട്ടു കോണ്ടാക്റ്റ് ഒന്നും ഇല്ലേ?

മിനിക്കുട്ടി: ഒന്നര വര്ഷം മുൻപ് ഒരു കത്ത് വന്നിരുന്നു......കണ്ണൂരില് ഒരു ചെറിയ ബേകറി സ്വന്തമായി നടത്തുന്നു എന്ന് പറഞ്ഞു. ഞാന് കഴിഞ്ഞ മാസം ആ കത്തിലെ വിലാസത്തിലേയ്ക്ക് ഒരു എഴുത്ത് അയച്ചിരുന്നു...അച്ഛന്റെ ഉപദ്രവം സഹിക്കാന് പറ്റുന്നില്ല എന്ന് പറഞ്ഞ്....അങ്ങേരു ഞങ്ങളെ വീട്ടില് നിന്നും ഒഴിപ്പിക്കാന് നോക്കുകുകയിരുന്നു. ഞങ്ങള് എവിടെ പോകാനാ?

Announcer: മറുപടി..?

മിനിക്കുട്ടി: ഇല്ല....വന്നില്ല

വിനു തന്റെ ബാഗിന്റെ സൈഡ് പോക്കറ്റില് നിന്നും ആ എഴുത്ത് പുറത്തെടുത്തു തിരിച്ചു നോക്കി. ആ കത്ത് കീറി വിനു വായിച്ചിട്ടുണ്ടായിരുന്നു, പുറം വശത്തു മിനിക്കുട്ടി എന്ന പേരും. വിനു മെല്ലെ മന്ദഹസിച്ചു.

വിനു: (ആത്മഗതം) എനിക്ക് കിട്ടി, ഞാന് വായിച്ചു മിനിക്കുട്ടി

Announcer: ശരി മിനിക്കുട്ടി, ഇപ്പോള് തന്നേയ് സമയം ഒരു പാടായി....ഒരു പാട്ട് പറഞ്ഞോളു....അതിനു മുൻപ് എന്താണ് dedication?

മിന്കുട്ടി: വിനുവേട്ടന് ഏറ്റവും ഇഷ്ടമുള്ള പാട്ടാണ്......ചിത്രം സിനിമയിലെ "പാടം പൂത്ത കാലം". അതിനു മുൻപ്....(ചെറിയ ഇടറിയ ശബ്ദത്തില്)....വിനുവേട്ടന് ഇത് കണ്ടാല്...എന്നേ....9900596276 എന്ന നമ്പരില് വിളിക്കണം....ഞാന് പ്രതീക്ഷിക്കും....

Announcer: തിർച്ചയായും മിനിക്കുട്ടി.....വിനുവേട്ടന് മിനിക്കുട്ടിയേ വിളിക്കും എന്ന് ഞാനും ഇപ്പോള് ഇത് കാണുന്ന എല്ലാ പ്രേക്ഷകരും പ്രാർത്ഥനയോടെയ് ആശംസിക്കുനുണ്ടാകും...... "രാധ നല്ലെണ്ണ നിങ്ങളുടെ ദുഃഖങ്ങള് പങ്കു വെച്ച് പാട്ടുകള് കേൾക്കാം പരിപാടിയിലേക്ക്" വിളിച്ചതിനു നന്ദി....ഇനി നമുക്ക്......ചിത്രതില്ലേ ആ സൂപ്പര് ഹിറ്റ് ഗാനം കേൾക്കാം....പക്ഷെ അതിനു മുൻപ് ഇതാ പ്രേക്ഷകർക്കായി ഒരു ചോദ്യം.....വിനുവേട്ടന് മിനിക്കുട്ടിയേ വിളിക്കണോ വേണ്ടയോ....ഉത്തരം അതെ ആണെങ്കില് 12345 എന്നാ നമ്പരിലേക്ക് "Y" എന്നും, അല്ല നോ എന്നങ്ങില് "N" എന്നും SMS ചെയ്യൂ......

ടിവിയില് പാട്ട് തുടങ്ങുന്നു...വിനു പാട്ട് കേട്ടു കൊണ്ട് മനസ്സ് ഏതോ സുഖമുള്ള ചിന്തയിലെയ്ക്ക് വീഴാന് തുടങ്ങുമ്പോള് അമ്മയും ഡോക്ടറും മുറിയിലേക്ക് കടന്നു വന്നു.

ഡോക്ടര്: ഹലോ വിനു...ഞാന് ഡോക്ടര് ശ്യാമപ്രസാദ്.....ഇപ്പോള് എങ്ങിനെ ഉണ്ട്?

വിനു: വേദന ഉണ്ട് ഡോക്ടര്

ഡോക്ടര് വിനുവിനെ പരിശോധിക്കുന്നു.........

ഡോക്ടര്: വിനു....റോഡ് ക്രോസ് ചെയ്യുമ്പോള് ഒരു ബൈക്ക് വന്നു ഇടിച്ചു വീഴ്ത്തി എന്നല്ലേ പറഞ്ഞത്?

വിനു: (തെല്ലൊരു സന്കൊച്ചത്തോടെയ്)......"അതെ"

ഡോക്ടര്: വിനു....ഈ മുറിവ്...കണ്ടാല് പൊള്ളല് ഏറ്റ മാതിരി ആണല്ലോ...?

വിനു: അത് ഡോക്ടര്....വണ്ടി ഇടിച്ചു ഞാന് ....... ഞാന്.....വീണപ്പോള്....ബൈക്ക് ...അത്.. ബൈക്ക് ...എന്റെ മേലേ വീണു....അപ്പോള് ചൂടായ silencer...അവിടെയും ഇവിടെയും ഒക്കെ കൊണ്ട്........

ഡോക്ടര്: (ഒരു വിശ്വാസം വരാത്ത മാതിരി)......ഓക്കേ ഓക്കേ ....ശരി...ഏതായാലും രണ്ടു ദിവസം കഴിഞ്ഞു വീട്ടില് പോകാം.....ടേക്ക് റസ്റ്റ് വിനു

വിനു: താങ്ക് യു ഡോക്ടർ

വിനു ഡോക്ടറെ വാതില് അടച്ചു പുറത്തു പോകുന്നത് നോക്കി കൊണ്ട് നിന്ന്...മുഖത്ത് ചെറിയ പരിഭ്രാന്തി ഉണ്ട്

അമ്മ: നിനക്ക് എന്ത് പറ്റി? ഒരു വല്ലായ്ക........വേദനിക്കുനുണ്ടോ?

വിനു: ആ....ചെറുതായിട്ട്

അമ്മ: ശരി നീ ഉറങ്ങിക്കോ....അമ്മ നിന്റെ ഷർട്ടും മറ്റും ഒക്കെ ഒന്ന് അലക്കാന് കൊടുത്തിട്ട് വരാം

അമ്മ ചുമരില് തൂക്കി ഇട്ടിരിക്കുന്ന ഷർട്ട് എടുത്തു....പോക്കറ്റിലെ സാധനങ്ങള്...കുറച്ചു പൈസ...പിന്നെ ഒരു ബില്ല് മേശപുറത്തു വെയ്ക്കുന്നു. അമ്മ ജിജ്ഞാസയോടെയ് ബില്ല് നോക്കി......

**“Icing sugar one packet - Rs. 70”**

**“Baking Soda - Rs. 50”**

**“Citric Acid - Rs. 50”**

**“2 Battery - Rs. 40”**

**“Electric Cable - Rs. 20”**

Amma: ഇതെന്താ മോനേ? Icing sugar...Baking Soda.......ബാറ്ററി?

വിനു: (ഞെട്ടലോടെ)....ഓ അത്.....അത് ബേകറി ആവശ്യത്തിന്നു വേണ്ടി ആണ് .....

അമ്മ: ഓ ...

അമ്മ മുറി വിട്ടു പുറത്തു പോയി. വിനു തന്റെ പുസ്തകത്തിന്റെ ഉള്ളില് നിന്നും ഒരു മടക്കി വെച്ച പേപ്പര് പുറത്തു വെച്ച് ഒന്ന് കണ്ണോടിച്ചു...ബെഡില് തന്റെ പക്കല് ആ പേപ്പര് വെച്ച്, മൊബൈല് ഫോണ് ബാഗില് നിന്നും എടുത്തു....

വിനു: (ആത്മഗതം...ഫോണ് ഡയല് ചെയ്തു കൊണ്ട്....)9...9...0....0.....5....9.....6....2.....7..6..ഹ്മ്മ്

..........ലഷ്കര് ഈ തൊയ്ബ അല്ലേ....(ചിരിക്കുന്നു).....എന്റെ മിനിക്കുട്ടി...ഒറ്റപാലത്ത് കിടക്കുന്ന നിന്റെ അച്ഛനെ...ലഷ്കര് ഈ തൊയ്ബ.......(വീണ്ടും ചിരി)....കൊള്ളാം......

വിനു നമ്പര് കണക്ക് ചെയ്യാന് വേണ്ടി കാത്തു നിൽക്കുമ്പോള് തന്റെ പക്കല് വെച്ച പേപ്പറിലെയ്ക്ക് കണ്ണോടിച്ചു.....

“Make a bomb in your kitchen”

Ingredients: Icing Sugar, Baking Soda, Citric Acid......

പെട്ടെന്ന് ഫോണ് അടിച്ചു...

വിനു: (ഒരു നിമിഷം സന്ദേഹിച്ചു, പിന്നെ സ്നേഹം നിറഞ്ഞ പഴയ ഓർമകളും, പുതിയ പ്രതീക്ഷകകളോടും കൂടി............).......ഹലോ.....മിനിക്കുട്ടി?